**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2581** **21-01-2021 - ൽ മറുപടിയ്ക്ക്**

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം വകുപ്പിന് കീഴിൽ ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതികളിൽ പൂർത്തീകരിച്ചവ എവിടെയൊക്കെയാണെന്നും അവയിൽ നിലവിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ ടേക്ക് എ ബ്രേക്ക് പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്നും അവ ഓരോന്നിനും കോൺട്രാക്ടർമാർക്ക് അനുവദിച്ച് കൈമാറിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | (എ)പിരിവിന്റെ അതേ ഉത്തരം |
| (സി) | കോടിക്കണക്കിന് രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് മിക്കവാറും ടേക്ക് എ ബ്രേക്കുകളും പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് അവ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | നാല് ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. 1. ഇടുക്കി, മൂന്നാർ - ഈ യൂണിറ്റിന്റെ ലേലം കഴിഞ്ഞു. കൂടുതൽ വാടക തുക ലഭിക്കുന്നതിനായി നെഗോസിയേഷൻ നടത്തുന്നതിനായി നിശ്ചിയിച്ചിരിക്കുന്നു. 2. പാലക്കാട് – ഗുരുവായൂർ - കുറ്റനാട് റോഡ് സൈഡിലുള്ള യൂണിറ്റ് – പൊതുമരാമത്ത് വകുപ്പിന്റെ പെർമിസീവ് സാങ്ഷൻ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 3. മലപ്പുറം - കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്ക് സമീപത്തുള്ള യൂണിറ്റ് – ഈ യൂണിറ്റ് ഏറ്റെടുത്ത് നടത്തിയിരുന്ന കരാറുകാരൻ തുടർന്ന് നടത്താൻ താല്പര്യമില്ല എന്ന് അറിയിച്ചിരുന്നു. ദേശീയ പാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത ഭൂമിയിൽ ഈ യൂണിറ്റ് സ്ഥിതിചെയ്യുന്ന സ്ഥലം ഉൾപ്പെട്ടിട്ടുണ്ട്. അതിനാലാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. എന്നാൽ ദേശീയ പാതയുടെ പ്രവൃത്തി തുടങ്ങുന്നതുവരെ കുടുംബശ്രീ മിഷനുമായി ചേർന്ന് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 4. കണ്ണൂർ - ശ്രീകണ്ഠപുരം – ഈ യൂണിറ്റ് പ്രവർത്തനക്ഷമമായിരുന്നു. എന്നാൽ |

| | | | |
|---|---|---|---|
| | | | കാലവർഷത്തെ തുടർന്ന് ഉണ്ടായ വെള്ളപ്പൊക്കത്തിൽ കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചു. ആയതിന്റെ അറ്റകുറ്റപ്പണികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടന്നു വരികയാണ്. അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച ഉടൻ യൂണിറ്റ് തുടർന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | ജില്ല | അടങ്കൽ തുക | എക്സിക്യൂട്ടീവ് ഏജൻസിക്ക് നൽകിയ തുക | നിലവിലെ സ്ഥിതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം - ശംഖുമുഖം | 25,00,000 | 25,00,000 | പൂർത്തീകരിച്ചു | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. |
| 2. | കൊല്ലം – ചവറ | 46,00,000 | 26,87,914 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| | കൊല്ലം - കൊട്ടാരക്കര | 46,00,000 | 28,79,853 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 3. | ആലപ്പുഴ - ഹരിപ്പാട് | 46,00,000 | | പൂർത്തീകരിച്ചു. | കോവിഡ് 19 സ്പെഷ്യൽ ബസിൽ എത്തുന്ന യാത്രകാർക്ക് പ്രഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ലാ ഭരണകൂടം ഏറ്റെടുത്തു. |
| 4. | ആലപ്പുഴ – ചേർത്തല | 46,00,000 | | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 5. | പത്തനംതിട്ട | | | നടപ്പിലാക്കിയിട്ടില്ല | |
| 6. | കോട്ടയം – അതിരംപുഴ | 46,00,000 | 44,57,286 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 7. | ഇടുക്കി – മൂന്നാൽ | 45,43,035 | 45,43,035 | പൂർത്തീകരിച്ചു | പ്രവർത്തിക്കുന്നില്ല. |
| 8. | എറണാകുളം – പിറവം | 46,00,000 | **38,59,301** | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| | എറണാകുളം – ബോട്ട് ജെട്ടി | 46,00,000 | **45,45,454** | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 9. | തൃശ്ശൂർ - ചാലക്കുടി | 50,00,000 | 46,73,484 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 10. | പാലക്കാട്– ഗുരുവായൂർ കൂറ്റനാട് റോഡ് സൈഡ് | 46,00,000 | 22,00,000 | പൂർത്തീകരിച്ചു. | PWD യുടെ അനുമതി ലഭിക്കാത്തതിനാൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. |
| 11. | കോഴിക്കോട് | | | നടപ്പിലാക്കിയിട്ടില്ല. | |
| 12. | വയനാട് – അമ്പലവയൽ | 45,29,518 | 41,69,089 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| 13. | മലപ്പുറം – കോട്ടക്കുന്ന് | 46,00,000 | 45,97,047 | പൂർത്തീകരിച്ചു. | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |
| | മലപ്പുറം – കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്ക് സമീപം | 46,00,000 | 45,51,605 | പൂർത്തീകരിച്ചു | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 14. | കണ്ണൂർ - ശ്രീകണ്ഠപുരം | 46,00,000 | 45,09,132 | പൂർത്തീകരിച്ചു | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 15. | കാസർഗോഡ്- തലപ്പാടി | 46,00,000 | 45,69,788 | പൂർത്തീകരിച്ചു | പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു |

സെക്ഷൻ ഓഫീസർ